**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ :2543** **12.2.2020-ൽ മറുപടിയ്ക്ക്**

**മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി**

| | **ചോദ്യം**<br>ശ്രീ.റ്റി.വി.രാജേഷ്<br>,, എം. രാജഗോപാലൻ<br>,, സി. കെ. ശശീന്ദ്രൻ<br>,, എ. പ്രദീപ്കുമാർ : | | **മറുപടി**<br>**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
|---|---|---|---|
| എ) | ഉത്തര മലബാർ മേഖലയിലെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി മലനാട് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | എ) | ഉണ്ട് |
| ബി) | മലബാർ മേഖലയിലെ ഏതെല്ലാം നദികളെ ബന്ധിപ്പിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; | ബി) | മലബാർ മേഖലയിലെ മാഹി, അഞ്ചരക്കണ്ടി , കുപ്പം, വളപട്ടണം, പെരുന്ന, കവ്വായി കായൽ തേജസ്വിനി, എന്നീ പുഴകളെ ബന്ധിപ്പിച്ചുകൊണ്ടാണ് മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്. |
| സി) | പ്രസ്തുത പദ്ധതി പ്രകാരം യുവജനങ്ങൾക്കായി എത്രത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; | സി) | കൺസൾട്ടന്റ് ആർക്കിടെക്റ്റ് തയ്യാറാക്കിയ വിശദ പദ്ധതി രേഖ പ്രകാരം ഇതിൽ നിന്നും സൃഷ്ടിക്കപ്പെടുന്ന പ്രതീക്ഷിത തൊഴിലവസരങ്ങൾ ഇപ്രകാരമാണ്.<br>ഡയറക്റ്റ് എംപ്ലോയമെന്റ് - 2772<br>ഇൻഡയറക്റ്റ് എംപ്ലോയമെന്റ്- 81,660<br>ആകെ - 84,432 |
| ഡി) | വിദേശികൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികളെ ആകർഷിക്കും വിധം വിവിധ നദികളിലെ തുരുത്തുകൾ ടൂറിസം സങ്കേതമാക്കി മാറ്റാൻ പ്രസ്തുത പദ്ധതി പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | വലിയപറമ്പ ഗ്രാമപഞ്ചായത്തിലെ വലിയ പറമ്പ ദ്വീപ്, മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ തെക്കുമ്പാട് ദ്വീപ്, കൊളച്ചേരി ഗ്രാമ പഞ്ചായത്തിലെ പാമ്പുരുത്തി ദ്വീപ് എന്നിവിടങ്ങളിൽ ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങിലൂന്നിയുള്ള വികസനമാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br>അതുപോലെ തന്നെ ഉത്തരവാദിത്ത പ്രവർത്തനങ്ങളോടൊപ്പം കണ്ടൽ സംരക്ഷണത്തിനും പ്രകൃതിഭംഗി ആസ്വദിക്കുന്നതിനുമായി പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിലെ ഭഗത്സിംഗ് ദ്വീപിനെ നാച്വറൽ ടൂറിസം സ്പോട്ട് ആയും, നാടൻ കായിക വിനോദങ്ങളിൽ കുട്ടികളെ |

| | | | |
|---|---|---|---|
| | | | ആക്ടീവാക്കുന്നതിനായി കൊളച്ചേരി ഗ്രാമ പഞ്ചായത്തിലെ കൊളച്ചേരി ദ്വീപിനെ കിഡ്സ് ലാന്റ് ആയും , പരമ്പരാഗത മത്സ്യബന്ധന രീതികളെ പ്രോത്സാഹിപ്പിക്കുന്നതിനും തനത് പ്രാദേശിക പാചകകലകളെ പരിപോഷിപ്പിക്കുന്നതിനുമായി കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ സി.എച്ച് ദ്വീപിനെ 'ഐ ക്യാച്ച് യു കുക്ക് തീമിലും' കൃഷിരീതികളെ പ്രോത്സാഹിപ്പിക്കാനും കാർഷിക വിഭവങ്ങളെ ടൂറിസം ഉത്പന്നങ്ങളാക്കി മാറ്റുന്നതിനുമായി ആന്തൂർ നഗരസഭയിലെ എ.കെ.ജി ദ്വീപിനെ 'അഗ്രി ലാന്റ് 'ആയും വികസിപ്പിക്കാനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. മേൽ പ്രവർത്തനങ്ങളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ